പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:643 — 29.06.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി യുടെ നഷ്ടം

**ചോദ്യം** — **ഉത്തരം**

ശ്രീ. എ. എ. അസീസ്<br>
ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ.വി.എസ്.ശിവകുമാർ<br>
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

<table>
<tr><td>(എ)</td><td>കെ.എസ്.ആർ.ടി.സി യുടെ ഒരു മാസത്തെ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ;</td><td>(എ)</td><td>നിലവിൽ കെ.എസ്.ആർ.ടി.സി യുടെ ശരാശരി പ്രതിമാസ നഷ്ടം 32.57 കോടി രൂപയാണ്.</td></tr>
<tr><td>(ബി)</td><td>കെ.എസ്.ആർ.ടി.സി ബസ്സുകൾ എത്ര തരമായി തിരിച്ചാണ് ബസ് ചാർജ് ഈടാക്കുന്നതെന്ന് വിശദമാക്കുമോ;</td><td>(ബി)</td><td>കെ.എസ്.ആർ.ടി.സി. ബസ്സുകളെ 7 ആയി തരംതിരിച്ചാണ് ചാർജ് ഈടാക്കുന്നത്. തരം തിരിച്ച പട്ടികയും ഈടാക്കുന്ന മിനിമം നിരക്കും ചുവടെ വിവരിക്കുന്നു.
<table>
<tr><td>1. ഓർഡിനറി, സിറ്റി, ടൗൺ (മൊഫ്യൂസൽ), സിറ്റി ഫാസ്റ്റ്</td><td>4.00 രൂപ</td></tr>
<tr><td>2. ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ</td><td>5.00 രൂപ</td></tr>
<tr><td>3. സൂപ്പർ ഫാസ്റ്റ്</td><td>10.00 രൂപ</td></tr>
<tr><td>4. സൂപ്പർ എക്സ്പ്രസ്</td><td>15.00 രൂപ</td></tr>
<tr><td>5. സൂപ്പർ ഡീലക്സ്/സെമിസ്ലീപ്പർ</td><td>20.00 രൂപ</td></tr>
<tr><td>6. ലക്ഷ്വറി/ഹൈടെക്/ എയർ കണ്ടീഷൻഡ്</td><td>30.00 രൂപ</td></tr>
<tr><td>7. വോൾവോ</td><td>30.00 രൂപ</td></tr>
</table></td></tr>
<tr><td>(സി)</td><td>കെ.എസ്.ആർ.ടി.സി ബസുകളിൽ ആർക്കെല്ലാമാണ് സൗജന്യ യാത്ര അനുവദിച്ചിട്ടുള്ളതെന്നറിയിക്കുമോ;</td><td>(സി)</td><td>അർജ്ജുന അവാർഡ് ജേതാക്കൾ, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, ദേശീയ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാരം നേടിയവർ, കെ.എസ്.ആർ.ടിസി. ഡയറക്ടർ ബോർഡ് അംഗങ്ങൾ, മുൻ അനൗദ്യോഗിക ഡയറക്ടർ ബോർഡ് അംഗങ്ങൾ, എം.എൽ.എ മാർ, എം.പി.മാർ, മുൻ എം.എൽ.എ മാർ, മുൻ എം.പി.മാർ, ഭാരത് സേവക് സമാജ് (BSS) സ്റ്റേറ്റ് ചെയർമാൻ,</td></tr>
</table>

| | | | |
|---|---|---|---|
| | | | 70 വയസ്സ് കഴിഞ്ഞ മുൻ എം.എൽ.എ യെ അനുഗമിക്കുന്ന ഒരാൾ, സ്വാതന്ത്ര്യ സമരസേനാനികൾ, അവരുടെ വിധവകൾ, അന്ധർ, കെ.എസ്.ആർ.ടി.സി യിലെ അംഗീകൃത തൊഴിലാളി സംഘടനയുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, PCRA - യിൽ നിന്നുള്ള അദ്ധ്യാപകർ, 9-ാം മത് ഏഷ്യാഡിലെ സ്വർണ്ണമെഡൽ ജേതാവ് എന്നിവർക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ,പൂർണ്ണ സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ജീവനക്കാർ, പെൻഷൻകാർ, ദിവസവേതനക്കാർ, A.G's ഓഫീസിലെ റെസിഡൻഷ്യൽ ഓഡിറ്റ് വിഭാഗത്തിലുള്ളവർ എന്നിവർക്ക് നിയന്ത്രണങ്ങൾക്ക് വിധേയമായി സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷനിലെ ഓഫീസർമാർക്ക് പൂർണ്ണ സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ, പത്രപ്രവർത്തകർ, ബധിര-മൂകർ, അസ്ഥി സംബന്ധമായ വൈകല്യമുള്ളവർ, ബുദ്ധിമാന്ദ്യം ഉള്ളവർക്കും, അവരെ അനുഗമിക്കുന്ന ഒരാൾക്കും സൗജന്യ നിരക്കിൽ യാത്ര അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി ഈ വർഷം എത്ര പുതിയ ബസ്സുകളാണ് നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിൽ എത്ര എണ്ണം നിരത്തിലിറക്കി എന്നും വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. ഈ വർഷം 1000 ബസ്സുകൾ പുതുതായി നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു. അതിൽ ഒന്നുംതന്നെ ഇതുവരെ നിരത്തിലിറക്കിയിട്ടില്ല. ഇറക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. |

[signature]

സെക്ഷൻ ഓഫീസർ